(ബി) അയൽ സംസ്ഥാനങ്ങൾ ഇക്കാര്യത്തിന് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര വീതമാണ്;

(സി) ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫീസ് പുതുതായി വ്യവസായം സ്ഥാപിക്കാൻ വരുന്നവരെ നിരുത്സാഹപ്പെടുത്തുവാൻ ഇടയാക്കുമോ?

ഉത്തരം

(എ) ഇല്ല. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം വൈദ്യുതി ഇടപാട് സംബന്ധിച്ച് ലൈസൻസ് നൽകുന്നതിനും ലൈസൻസ് റദ്ദാക്കലിനും ഫീസ് നിശ്ചയിക്കേണ്ടത് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്. കമ്മീഷൻ ഇതു സംബന്ധിച്ച കരട് റഗുലേഷൻ തയ്യാറാക്കി സർക്കാരിന്റെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉദിക്കുന്നില്ല.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം

40 [338] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
,, എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച് എസ്. എൻ. സി. ലാവ്‌ലിൻ നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്ന തുക ലഭിക്കാത്ത സാഹചര്യത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലിരിക്കുന്നു; എന്നത്തേക്ക് അന്വേഷണം പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് വിജിലൻസ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്.

സബ് എഞ്ചിനീയർമാർക്ക് നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്

41 [339] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly